**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി" മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ (പി)നം. 205/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 08/12/2016**

പരാമർശം:- 1. 28/09/16 ലെ സഉ(പി) നം. 41/2016/ആ.സാ.വ.
2. 04/11/16 ലെ സഉ(പി) നം. 49/2016/ആ.സാ.വ.
3. 07/11/16 ലെ സഉ(പി) നം. 186/2016/പൊവിവ.
4. 08/12/16 ലെ സഉ(പി) നം. 202/2016/പൊ.വി.വ.
5. 08/12/16 ലെ സഉ(പി) നം. 203/2016/പൊ.വി.വ.

## ഉത്തരവ്

പരാമർശം (3) പ്രകാരം "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി" മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവായി.

മേൽ പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

07.11.07 തീയതിയിലെ സ.ഉ.(പി) 408/07/ധന., 07.08.2015 തീയതിയിലെ സ.ഉ.(പി) 339/2015/ധന., 27.7.2016 തീയതിയിലെ സ.ഉ(പി) 106/16/ധന. തുടങ്ങിയ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ഏജൻസികളുടെ സേവനം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

- അംഗീകൃത ഏജൻസികൾ ജനകീയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള പ്ലാനും ഡിസൈനും ഓരോ സ്കൂളിനും പ്രത്യേകമായി തയ്യാറാക്കേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളുടെയും മാസ്റ്റർ പ്ലാനിൽ ഒരു ജൈവ വൈവിദ്ധ്യ പാർക്ക് ഉൾക്കൊള്ളിക്കേണ്ടതാണ്.
- ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ / ഹെഡ് മാസ്റ്റർ വിദ്യാഭ്യാസ വിചക്ഷണൻമാരുടെയും ചുവടെ ചേർക്കുന്ന അംഗങ്ങൾ അടങ്ങുന്ന സ്കൂൾതല കമ്മിറ്റിയുടെയും ഒരു യോഗം എം. എൽ. എ യുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചേർക്കേണ്ടതും അതിൽ നിന്നും ലഭ്യമാകുന്ന നിർദ്ദേശങ്ങൾ കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ പരിഗണിക്കേണ്ടതുമാണ്.

സ്കൂൾതല കമ്മിറ്റി അംഗങ്ങൾ

- ബന്ധപ്പെട്ട സ്കൂളിലെ പ്രിൻസിപ്പൽ / ഹെഡ് മാസ്റ്റർ

- പഞ്ചായത്ത് മെമ്പർ / വാർഡ് കൗൺസിലർ
- പി.റ്റി.എ. പ്രസിഡന്റ് / സെക്രട്ടറിമാർ
- 2 പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ
- ഐ.റ്റി. കോ-ഓർഡിനേറ്റർ
- ക്ലസ്റ്റർ കോ-ഓർഡിനേറ്റർ (എസ്.എസ്.എ.)
- ബന്ധപ്പെട്ട പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ എൻജിനീയർ (തദ്ദേശ സ്വയംഭരണം) – മേൽനോട്ടം.

➢ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടാൻ തെരഞ്ഞെടുക്കുന്ന സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ട വിവിധ മാനദണ്ഡങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ചുവടെ ചേർക്കുന്ന സൂചകങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

<u>മികവിന്റെ കേന്ദ്രങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൂചകങ്ങൾ</u>

(Standard Indicators for Excellence )

(a suggestive list of facilities)

- സുരക്ഷിതമായ കെട്ടിടങ്ങൾ (Safe and Secure Buildings)
- ശുചിമുറി (Toilets)
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഉതകുന്ന ശുചിമുറികൾ (Child disabled friendly Toilets )
- പച്ചപ്പോടുകൂടിയ തുറസ്സായ കളിസ്ഥലം (Outdoor playground and greenery )
- ഇൻഡോർ സ്റ്റേഡിയം (Indoor stadium )
- ലബോറട്ടറികൾ (Laboratories)
- സ്മാർട്ട് ക്ലാസ് റൂമുകൾ (Smart Class Rooms )
- വൃത്തിയുള്ള അടുക്കള (Hygienic Kitchen)
- ഡൈനിംഗ് ഹാൾ (Dining Hall )
- ഭിന്നശേഷിയുള്ള കുട്ടികളുടെ സുഗമമായ സഞ്ചാരത്തിന് ഉതകുന്ന സംവിധാനം (Barrier free access to disabled children )
- ഹരിത കാമ്പസ് ആശയം (Green Campus Concept)
- റിക്രിയേഷണൽ ഗാർഡൻ (Recreational Garden )
- ബിൽഡിംഗ് മാനേജ്മെന്റ് സംവിധാനം (Building Management System )
- മിന്നൽ രക്ഷാചാലകം (Lightening Resisters )
- പബ്ലിക് അഡ്രസ്സ് സംവിധാനം (Public Address System )
- അഗ്നി ശമന സംവിധാനം (Fire Fighting System )
- ഗോവണികൾ (Staircases )

- കമ്മ്യൂണിറ്റി ഏരിയ (Community Area)
- ലൈബ്രറി (Library)
- ഓഡിയോ വിഷ്വൽ തിയേറ്റർ (Audio Visual Theatre )
- ആഡിറ്റോറിയം (Auditorium )
- യൂണിഫോമും ബുക്ക് സ്റ്റോറും (Uniform and Book Store)
- മെഡികെയർ / കൗൺസലിംഗ് സെന്റർ (Medicare / Counselling Centre )
- സ്പെഷ്യൽ എഡ്യൂക്കേഷൻ സെന്റർ (Special Education Centre )
- സ്വന്തമായി ബസ്സുകൾ (Own Buses )
- പഠന മുറികൾ (Learning Rooms)

▶ മികവിന്റെ കേന്ദ്രങ്ങളുടെ നിർമ്മാണത്തിൽ ബന്ധപ്പെട്ട എം.എൽ.എയും ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനും ഇതര സ്കൂളുകളുടെ നിർമ്മാണത്തിൽ തദ്ദേശസ്വയംഭരണതല കമ്മിറ്റിയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതായത് എൽ.പി./യു.പി. സ്കൂളുകൾ - ഗ്രാമപഞ്ചായത്ത്. പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററിതലം വരെയുള്ള സ്കൂളുകൾ - ജില്ലാ പഞ്ചായത്ത്.

▶ ഇപ്രകാരം അംഗീകൃത ഏജൻസി ആർക്കിടെക്ച്ചറൽ പ്ലാൻ ഉൾപ്പെടുന്ന വിശദമായ ഡിസൈനോടുകൂടിയ ശാസ്ത്രീയ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും ഇതിലേക്ക് ഉചിതമായ പ്രതിഫലം അംഗീകൃത ഏജൻസിക്ക് നൽകാവുന്നതുമാണ്.

▶ അംഗീകൃത ഏജൻസികളുമായി ചർച്ച ചെയ്ത് നിലവിലുള്ള PWD SOR പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനീയറിംഗ് വിഭാഗത്തിനായിരിക്കും.

▶ ഇപ്രകാരം തയ്യാറാക്കിയ DPR (SCIENTIFICALLY PREPARED MASTER PLAN WITH STRUCTURAL PLAN & DETAILED DESIGN) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി/ വിദ്യാഭ്യാസ ഡയറക്ടർമാർ SCERT, RMSA ഡയറക്ടർമാർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി മുമ്പാകെ സൂക്ഷ്മപരിശോധനയ്ക്കായി സമർപ്പിക്കുകയും ശേഷം വകുപ്പുതല അംഗീകാരത്തോടുകൂടി ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

▶ വകുപ്പ് മന്ത്രി അംഗീകരിച്ച DPR മന്ത്രിസഭ യോഗത്തിന്റെ അംഗീകാരത്തിനായി KIIFB മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

- മന്ത്രിസഭായോഗം അംഗീകരിച്ച DPR സാങ്കേതിക അനുമതിക്കായി ഒരു അഞ്ചംഗ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും അംഗീകാരം ലഭിച്ചതിനുശേഷം ആയത് നിർവ്വഹണ ഏജൻസിയായ എസ് പി വി യ്ക്ക് കൈമാറേണ്ടതുമാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബി.ശ്രീനിവാസ്**
**പ്രിൻസിപ്പൽ സെക്രട്ടറി(i/c)**

എല്ലാ എം.എൽ.എ.മാർക്കും (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,ASAP, തിരുവനന്തപുരം
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ & പി. ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ